**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5566** **13-08-2021 - ൽ മറുപടിയ്ക്ക്**

**തർക്ക പരിഹാരത്തിന് റവന്യൂ-വനം സംയുക്ത പരിശോധന**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.എം.സച്ചിൻദേവ് | | Shri. A. K. Saseendran<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | കൂരാച്ചുണ്ട്, ചക്കിട്ടപ്പാറ, കാന്തലാട് വില്ലേജുകളിലെ കർഷകരുടെ ഭൂമിയുമായി ബന്ധപ്പെട്ട് നിലനിൽക്കുന്ന തർക്കങ്ങൾ റവന്യൂ വനം വകുപ്പുകളുടെ സംയുക്ത പരിശോധനയിലൂടെ പരിഹരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ? | (എ) | കോഴിക്കോട് ഡിവിഷനിലെ പെരുവണ്ണാമൂഴി റെയിഞ്ചിലെ വിവിധ ഭാഗങ്ങളിലെ വനഭൂമിയുമായി ബന്ധപ്പെട്ട പ്രശ്നമാണിത്. കൂരാച്ചുണ്ട്, കാന്തലാട്, ചെമ്പനോട് (ചക്കിട്ടപ്പാറ) ഭാഗങ്ങളിലെ കൈവശക്കാരുമായി നിലനിൽക്കുന്ന തർക്കങ്ങളാണ് പ്രധാനമായും ഇതിൽ വരുന്നത്. വെസ്റ്റഡ് ഫോറസ്റ്റ് ആയി നോട്ടിഫൈ ചെയ്തിട്ടുള്ള വനഭാഗങ്ങളാണ് ചിലർ കൈവശം വച്ചുവരുന്നത്. ഇതിനാൽ അവിടങ്ങളിൽ നികുതി സ്വീകരിക്കാൻ പറ്റുന്നില്ല എന്നതാണ് പരാതി. മേൽ പറഞ്ഞ സ്ഥലങ്ങളിൽ ചില സ്ഥലങ്ങൾക്ക് പട്ടയം നൽകപ്പെട്ടതായി കാണുന്നുണ്ട്. 01.01.1977 ന് മുമ്പുള്ള വനം കൈയ്യേറ്റങ്ങൾ റഗുലറൈസ് ചെയ്യുന്നതിനും 01.01.1977 ന് ശേഷമുള്ള വനം കൈയ്യേറ്റങ്ങൾ ഒഴിപ്പിക്കുന്നതിനും സർക്കാർ തീരുമാനിച്ചിട്ടുള്ളതാണ്. ആയതിനായി 01.01.1977 ന് മുമ്പും ശേഷവുമുള്ള വനം കൈയ്യേറ്റങ്ങൾ കണ്ടെത്തുന്നതിനായി സംയുക്ത പരിശോധന നടത്തുവാൻ GO(MS)655/89/RD തീയതി 31.8.1989 പ്രകാരം സർക്കാർ ഉത്തരവാകുകയുണ്ടായി.ഇതിനനുസരിച്ച് കോഴിക്കോട് ഡിവിഷനിൽ 1991-92 കാലയളവിൽ സംയുക്ത പരിശോധന നടത്തുകയും 626 പേരുടെ അപേക്ഷകളിൽ 527.5527 ഹെക്ടർ സ്ഥലത്ത് സർവ്വേ നടത്തുകയും ഉണ്ടായി. ആയതിൽ 62.041 ഹെക്ടർ 01.01.1977 ന് മുമ്പുള്ള കൈയ്യേറ്റമായും 125.315 ഹെക്ടർ 01.01.1977 ന് ശേഷമുള്ള കൈയ്യേറ്റമായും കണ്ടെത്തിയിട്ടുണ്ട്. 01.01.1977 ന് മുമ്പ് സംയുക്ത പരിശോധനയിൽ കണ്ടെത്തിയ വനം കൈയ്യേറ്റങ്ങൾ ഫോറസ്റ്റ് കൺസർവേഷൻ ആക്ട് പ്രകാരം റഗുലറൈസ് ചെയ്യുന്നതിനായി ലാൻറ് റവന്യൂ കമ്മീഷണറെയാണ് ചുമതലപ്പെടുത്തിയിരിക്കുന്നത്. പെരുവണ്ണാമൂഴി റെയിഞ്ചിലെ ജോയിൻറ് വെരിഫിക്കേഷൻ |

| | | | |
|---|---|---|---|
| | | | റിക്കോർഡ് കോഴിക്കോട് ഡിവിഷൻ ഓഫീസിലോ കലക്ടറേറ്റിലോ, റവന്യൂ ഡിവിഷണൽ ഓഫീസിലോ ലഭ്യമല്ല. 01.01.1977 ന് ശേഷമുള്ള വനം കൈയ്യേറ്റങ്ങൾ ഒഴിപ്പിച്ചാൽ മാത്രമേ 01.01.1977 ന് മുമ്പുള്ള വനം കൈയ്യേറ്റങ്ങൾ റഗുലറൈസ് ചെയ്യുവാൻ സാധിക്കുകയുള്ളു എന്നതിനാൽ ഇത്തരം കൈയ്യേറ്റങ്ങൾ ഒഴിപ്പിക്കുന്നതിന് നടപടികൾ എടുക്കുകയുണ്ടായി. 4.9.2015 തീയതിയിലെ WP(c)18407/02, ഒ.പി-1947/2007 കേസുകളിലെ ഉത്തരവ് പ്രകാരം 01.01.1977 ന് ശേഷമുള്ള എല്ലാ വനം കൈയ്യേറ്റങ്ങളും ഒഴിപ്പിക്കുന്നതിന് ബഹു.ഹൈക്കോടതി ഉത്തരവായിട്ടുള്ളതുമാണ്. ഇതേവരെ ഇത്തരത്തിലുള്ള 49.643 ഹെക്ടർ വനം കൈയ്യേറ്റം ഒഴിപ്പിച്ചിട്ടുണ്ട്. ഒഴിപ്പിക്കാൻ ബാക്കിയുള്ള വനം കൈയ്യേറ്റത്തിന്റെ വിസ്തൃതി 75.672 ഹെക്ടർ ആണ്. ഇതിൽ കൂരാച്ചുണ്ട്, കാന്തലാട്, ചെമ്പനോട ഭാഗങ്ങളിൽ 60.322 ഹെക്ടർ കയ്യേറ്റമാണ് കണ്ടെത്തിയിട്ടുള്ളത്. 02.07.2021 ന് കോഴിക്കോട് വെച്ച് ബഹു. വനം വകുപ്പ് മന്ത്രിയുടെ യോഗത്തിൽ കർഷകർ കൈവശം വെച്ചു വരുന്ന ഭൂമിയുടെ അളവ് കണക്കാക്കി അവരുടെ രേഖകൾ പരിശോധിച്ച് നിയമാനുസൃതമായ തീരുമാനമെടുക്കാമെന്ന കാര്യത്തിൽ ധാരണയിലെത്തിയിട്ടുണ്ട്. ആയതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. അതുപോലെ 01.01.1977 നു മുമ്പുള്ള കയ്യേറ്റങ്ങൾ ക്രമപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കാൻ റവന്യൂ വകുപ്പിന് ടി യോഗത്തിൽ നിർദ്ദേശം നൽകിയിരുന്നു. ആയതിനുള്ള നടപടികളും പുരോഗമിച്ചുവരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ